ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 17.10.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ന്യൂഡൽഹിയിൽ നടക്കുന്ന ആദി കർമ്മയോഗി അഭിയാൻ ദേശീയ കോൺക്ലേവിൽ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് പങ്കെടുക്കും.

   **President Droupadi Murmu to attend National Conclave on Adi Karmayogi Abhiyan in New Delhi today.**

2. പ്രധാനമന്ത്രി ധൻ-ധാന്യ കൃഷി യോജനയും, പയർവർഗ്ഗ സ്വാശ്രയ ദൗത്യവും സമയബന്ധിതമായി നടപ്പാക്കാൻ നിർദ്ദേശം നൽകി കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ.

   **Union Agriculture Minister Shivraj Singh Chouhan has issued directions to senior officials for the time-bound implementation of the 'Pradhan Mantri Dhan-Dhaanya Krishi Yojana' and the 'Self-Reliance in Pulses Mission'.**

3. ഇന്ത്യൻ വ്യോമസേനയ്ക്ക് കരുത്ത് പകർന്ന്, ആദ്യ തേജസ് LCA MK1A യുദ്ധവിമാനം ഇന്ന് പറന്നുയരും. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങ് ചടങ്ങിൽ പങ്കെടുക്കും.

   **Defence minister Rajnath Singh will unveil the first Tejas LCA MK1A fighter jet from Hindustan**

Aeronautics Limited's new Nashik production line today.

4. ബിഹാർ ഒന്നാം ഘട്ട നിയമസഭാ തിരഞ്ഞെടുപ്പിനായി നാമനിർദേശ പത്രിക സമർപ്പിക്കുന്നതിനുള്ള സമയപരിധി ഇന്ന് അവസാനിക്കും.

   Filing of nominations for first phase of Bihar Assembly elections to end today.

5. ശബരിമല സ്വർണപ്പാളി അപഹരണ കേസിൽ അറസ്റ്റിലായ ഉണ്ണികൃഷ്ണൻ പോറ്റിയെ ഈ മാസം 30 വരെ റാന്നി കോടതി പ്രത്യേക അന്വേഷണ സംഘത്തിന്റെ കസ്റ്റഡിയിൽ വിട്ടു.

   In Sabarimala gold plate theft case, prime accused Unnikrishna Potti has been remanded to SIT custody.

6. രഞ്ജി ട്രോഫി ക്രിക്കറ്റിൽ മഹാരാഷ്ട്രയ്ക്കെതിരെ കേരളത്തിൻറെ ഒന്നാം ഇന്നിങ്ങ്സ് ബാറ്റിംഗ് പുനരാരംഭിച്ചു.

   In Ranji Trophy cricket, Kerala resumed first innings batting against Maharashtra.

☸☸☸☸☸☸☸☸☸☸☸☸☸

## PREZ – ADI KARMAYOGI

ന്യൂഡൽഹിയിൽ നടക്കുന്ന ആദി കർമ്മയോഗി അഭിയാൻ ദേശീയ കോൺക്ലേവിൽ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് പങ്കെടുക്കും. കേന്ദ്ര ഗോത്രകാര്യ മന്ത്രാലയം സംഘടിപ്പിക്കുന്ന പരിപാടിയിൽ കേന്ദ്രമന്ത്രി ജുവൽ ഓറം, സംസ്ഥാനങ്ങളിലെ ഗോത്രകാര്യ മന്ത്രിമാർ തുടങ്ങിയ പ്രമുഖർ പങ്കെടുക്കും. വിദ്യാഭ്യാസം, നൈപുണ്യ വികസനം, ആരോഗ്യം, പോഷകാഹാരം, ഉപജീവനമാർഗം, സംരംഭകത്വം, അടിസ്ഥാന സൗകര്യ വികസനം തുടങ്ങി അഞ്ച് മുൻഗണനാ വിഷയങ്ങളിൽ കോൺക്ലേവിൽ ചർച്ച നടക്കും. ട്രൈബൽ വിഷൻ 2030 എന്ന പ്രമേയം കേന്ദ്രീകരിച്ച്

നടക്കുന്ന പരിപാടിയിൽ നയ രൂപീകരണം, കാര്യക്ഷമമായ പദ്ധതി നടപ്പാക്കൽ എന്നിവയും ചർച്ചയാവും.

☸☸☸☸☸☸☸☸☸☸☸☸☸

## Shivraj Chouhan

പ്രധാനമന്ത്രി ധൻ-ധാന്യ കൃഷി യോജന, പയർവർഗ്ഗ സ്വാശ്രയ ദൗത്യം എന്നിവ സമയബന്ധിതമായി നടപ്പാക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. പദ്ധതി നിർവ്വഹണം ഉറപ്പാക്കാൻ കേന്ദ്ര മന്ത്രിമാരുമായി വൈകാതെ യോഗം ചേരുമെന്നും അദ്ദേഹം അറിയിച്ചു. ഇരു പദ്ധതികളും താഴേത്തട്ടിൽ സമയബന്ധിതമായി നടപ്പാക്കുന്നത് കർഷകർക്ക് നേരിട്ട് പ്രയോജനം ചെയ്യുമെന്നും മന്ത്രി പറഞ്ഞു.നൂറ് ജില്ലകളിലെ കൃഷി വികസനം ലക്ഷ്യമിടുന്ന ധൻ ധാന്യ കൃഷി യോജന 24,000 കോടി രൂപ ചിലവിൽ ആറ് വർഷ കാലയളവിലാണ് നടപ്പാക്കുന്നത്. പയറുവർഗ്ഗ ഉത്പാദനത്തിൽ സ്വയംപര്യാപ്തത ലക്ഷ്യമിട്ടുള്ള സ്വാശ്രയ ദൗത്യത്തിനായി 11,400 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

☸☸☸☸☸☸☸☸☸☸☸☸☸

## Rajnath Tejas

ഇന്ത്യൻ വ്യോമസേനയ്ക്ക് കരുത്ത് പകർന്ന്, ആദ്യ തേജസ് LCA MK1A യുദ്ധവിമാനം ഇന്ന് പറന്നുയരും. ഹിന്ദുസ്ഥാൻ എയറോനോട്ടിക്സ് ലിമിറ്റഡിൻറെ നാസിക് നിർമാണ കേന്ദ്രത്തിൽ നടക്കുന്ന ചടങ്ങിൽ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങ് പങ്കെടുക്കുന്നുണ്ട്. വ്യോമസേനയുടെ മിഗ്-21 വിമാനങ്ങൾക്ക് പകരമായാണ് അത്യന്താധുനിക ശേഷിയോട് കൂടിയ LCA MK1A സേനയുടെ ഭാഗമാകുന്നത്. കരയിലും, ആകാശത്തും, സമുദ്രത്തിലും ആക്രമണം നടത്താനുള്ള ശേഷി ഈ യുദ്ധവിമാനത്തിനുണ്ട്. HTT-40 പരിശീലന വിമാനങ്ങൾക്കായുള്ള രണ്ടാം പ്രൊഡക്ഷൻ ലൈൻ ഉദ്ഘാടനവും കേന്ദ്രമന്ത്രി നിർവഹിക്കും.

☸☸☸☸☸☸☸☸☸☸☸☸☸

## BIHAR NOMINATIONS

ബിഹാറിൽ ഒന്നാം ഘട്ട നിയമസഭാ തിരഞ്ഞെടുപ്പിൻറെ നാമനിർദേശ പത്രിക സമർപ്പിക്കുന്നതിനുള്ള സമയപരിധി ഇന്ന് അവസാനിക്കും. പത്രികകളുടെ സൂക്ഷ്മ പരിശോധന നാളെ നടക്കും. ഈ മാസം 20 വരെയാണ് പത്രിക പിൻവലിക്കാനുള്ള സമയപരിധി. സംസ്ഥാനത്ത് തിരഞ്ഞെടുപ്പ് പ്രചാരണവും ഊർജിതമായി പുരോഗമിക്കുകയാണ്. കേന്ദ്രമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ അമിത് ഷാ ഇന്ന് NDA യുടെ പ്രചാരണ പരിപാടികളിൽ പങ്കെടുക്കും. ബിഹാർ മുഖ്യമന്ത്രിയും ജെഡിയു നേതാവുമായ നിതീഷ് കുമാറുമായി ശ്രീ അമിത് ഷാ ഇന്ന് കൂടിക്കാഴ്ച നടത്തി. 48 സ്ഥാനാർത്ഥികളുടെ ആദ്യ പട്ടിക കോൺഗ്രസ് ഇന്നലെ പുറത്തിറക്കിയിരുന്നു. 243 അംഗ ബിഹാർ നിയമസഭയിലേക്ക് രണ്ട് ഘട്ടങ്ങളിലായി അടുത്ത മാസം 6 നും 11 നുമാണ് വോട്ടെടുപ്പ്. 14 നാണ് വോട്ടെണ്ണൽ.

☸☸☸☸☸☸☸☸☸☸☸☸☸

## GST REFORMS – (intro)

പുത്തൻ തലമുറ ജിഎസ്ടി പരിഷ്കരണം കേരളത്തിലെ കർഷകർക്കും ചെറുകിട വ്യവസായങ്ങൾക്കും ഏറെ ഗുണകരമായതായി വിലയിരുത്തൽ. സംസ്ഥാനത്തെ കൃഷി, ഭക്ഷ്യ സംസ്കരണ, ടൂറിസം മേഖലകൾക്ക് ജി.എസ്.ടി ഇളവുകൾ ഏറെ ഗുണം ചെയ്യുന്നുണ്ട്. ഏലം, വെറ്റില എന്നിവയുടെ ജിഎസ്ടി 18 ശതമാനത്തിൽ നിന്ന് 5 ശതമാനമായി കുറച്ചത് സുഗന്ധവ്യഞ്ജനങ്ങളുടെ വിലയിൽ 11 ശതമാനം വരെ കുറവ് വരുത്തിയിട്ടുണ്ട്. ജി.എസ്.ടി ഘടനാ പരിഷ്കരണം ടൂറിസം മേഖലയ്ക്ക് മികച്ച രീതിയിൽ ഉണർവ് പകരുന്നതായി തമിഴ്നാട്ടിൽ നിന്നും ഇടുക്കിയിലെത്തിയ വിനോദസഞ്ചാരി കാർത്തിക് ആകാശവാണിയോട്...

(ഹോൾഡ്)

☸☸☸☸☸☸☸☸☸☸☸☸☸

## PRESIDENT – KERALA

രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ കേരള സന്ദർശനത്തിനുള്ള ഒരുക്കങ്ങൾ പുരോഗമിക്കുന്നു. നാലുദിവസത്തെ സന്ദർശനത്തിനായി ഈ മാസം 21 -ന് രാഷ്ട്രപതി തിരുവനന്തപുരത്തെത്തും. 22ന് ശ്രീമതി മുർമു ശബരിമലയിൽ ദർശനം നടത്തും. മുൻ രാഷ്ട്രപതി കെ.ആർ. നാരായണൻറെ അർധകായ പ്രതിമ 23ന് രാജ്ഭവൻ അങ്കണത്തിൽ അനാച്ഛാദനം ചെയ്യുന്ന രാഷ്ട്രപതി തുടർന്ന് ശിവഗിരിയിൽ നടക്കുന്ന ശ്രീനാരായണ ഗുരു മഹാസമാധി ശതാബ്ദിയിൽ മുഖ്യാതിഥിയാകും. പാലാ സെൻറ് തോമസ് കോളജിൽ നടക്കുന്ന പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളിലും അന്നേ ദിവസം രാഷ്ട്രപതി പങ്കെടുക്കും. 24ന് എറണാകുളം സെൻറ് തെരേസാസ് കോളജിലെ ശതാബ്ദി ആഘോഷത്തിൽ പങ്കെടുത്തശേഷം വ്യോമസേനയുടെ പ്രത്യേക വിമാനത്തിൽ ശ്രീമ തി മുർമു ന്യൂഡൽഹിക്ക് മടങ്ങും.

☸☸☸☸☸☸☸☸☸☸☸☸☸

## CM – KERALA

ഗൾഫ് സന്ദർശനത്തിൻറെ ഭാഗമായി ബഹ്റിനിൽ എത്തിയ മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് പ്രവാസി മലയാളി സംഗമം ഉദ്ഘാടനം ചെയ്യും. മലയാള മിഷനും, ലോക കേരള സഭയും ചേർന്ന് സംഘടിപ്പിക്കുന്ന പരിപാടിയിൽ ബഹ്റിനിലെ ഇന്ത്യൻ അംബാസഡർ വിനോദ് ജേക്കബ്, മന്ത്രി സജി ചെറിയാൻ, പത്മശ്രീ എം.എ യൂസഫ് അലി എന്നിവർ വിശിഷ്ടാതിഥികളാകും.

☸☸☸☸☸☸☸☸☸☸☸☸☸

## SABARIMALA

തുലാമാസ പൂജകൾക്കായി ശബരിമല ക്ഷേത്ര നട ഇന്ന് വൈകുന്നേരം നാലിന് തുറക്കും. ശബരിമല, മാളികപ്പുറം മേൽശാന്തിമാരെ തെരഞ്ഞെടുക്കുന്നതിനുള്ള നറുക്കെടുപ്പ് തുലാം ഒന്നായ നാളെ രാവിലെ സന്നിധാനത്ത് നടക്കും. 21 നാണ് ചിത്തിര ആട്ടതിരുനാൾ പൂജ . രാഷ്ട്രപതിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട് ഈ മാസം 22 ന് ദർശനത്തിന് നിയന്ത്രണമുണ്ടായിരിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## SABARIMALA – ARREST

ശബരിമല സ്വർണ്ണപ്പാളി അപഹരണ കേസുമായി ബന്ധപ്പെട്ട് അറസ്റ്റിലായ ഉണ്ണികൃഷ്ണൻ പോറ്റിയെ ഈ മാസം 30 വരെ പ്രത്യേക അന്വേഷണ സംഘത്തിൻ്റെ കസ്റ്റഡിയിൽ വിട്ടു. പത്തനംതിട്ട റാന്നി ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയുടേതാണ് ഉത്തരവ്. കേസിൻ്റെ അതീവ രഹസ്യസ്വഭാവം പരിഗണിച്ച് അടച്ചിട്ട മുറിയിലാണ് കോടതി വാദം കേട്ടത്. രണ്ടു കേസുകളാണ് ഉണ്ണികൃഷ്ണൻ പോറ്റിക്കെതിരെയുള്ളത്.

❁❁❁❁❁❁❁❁❁❁❁❁❁

## PALAKKAD (INTRO)

രണ്ടാം വിള നെൽക്കൃഷിക്കുള്ള ഒരുക്കങ്ങൾ പാലക്കാട് ജില്ലയിൽ ആരംഭിച്ചു. രണ്ടാം വിളയിൽ ജലസേചനത്തിന് ഡാമുകളെ ആശ്രയിക്കേണ്ടതിനാൽ ജല-വിള കലണ്ടർ തയ്യാറാക്കി അതിനനുസൃതമായി വിളയിറക്കണമെന്നാണ് കൃഷി വകുപ്പ് കർഷകരോട് ആവശ്യപ്പെട്ടിരിക്കുന്നത്.

വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്......

**(ഹോൾഡ് വോയ്സ്)**

❁❁❁❁❁❁❁❁❁❁❁❁❁

## MAAN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 26 ന് രാവിലെ 11 മണിക്ക്. മൻ കി ബാത്തിൻ്റെ 127-ാം പതിപ്പാണിത്. ദൂരദർശൻ്റെയും ആകാശവാണിയുടെയും മുഴുവൻ ശൃംഖലകളിലും പരിപാടി തത്സമയം ലഭ്യമാണ്. പ്രാദേശിക ഭാഷകളിലും തുടർന്ന് കേൾക്കാം. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും ഈ മാസം 24 വരെ പങ്കുവയ്ക്കാം.

❁❁❁❁❁❁❁❁❁❁❁❁❁

## NAXALITES-SURRENDER

ഛത്തീസ്ഗഢിലെ ജഗദൽപൂരിൽ 200-ലേറെ നക്സലുകൾ ഇന്ന് ആയുധം വച്ച് കീഴടങ്ങി. 110 സ്ത്രീകളും 98 പുരുഷന്മാരുമാണ് സംഘത്തിൽ ഉൾപ്പെടുന്നത്. 19 എകെ-47 റൈഫിളുകളും 17 എസ്എൽആർ റൈഫിളുകളും അടക്കം 153 ആയുധങ്ങളുമായാണ് മാവോയിസ്റ്റുകൾ കീഴടങ്ങിയത്.

## SCINDIA – NE REGION

ഇന്ത്യയുടെ വടക്കുകിഴക്കൻ മേഖല രാജ്യത്തിന്റെ വളർച്ചാ എഞ്ചിനായി മാറിയെന്ന് കേന്ദ്ര മന്ത്രി ജ്യോതിരാദിത്യ സിന്ധ്യ. ന്യൂഡൽഹിയിൽ തന്റെ മന്ത്രാലയത്തിന്റെ ഒരു വർഷത്തെ നേട്ടത്തെക്കുറിച്ച് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. വടക്കുകിഴക്കൻ മേഖലയിലെ വിമാനത്താവളങ്ങളുടെ എണ്ണം ഒമ്പതിൽ നിന്ന് 17 ആയി വർദ്ധിച്ചതായും, ദേശീയപാത പതിനായിരം കിലോമീറ്ററിൽ നിന്ന് 16 ആയിരം കിലോമീറ്ററായി വർദ്ധിച്ചതായും കേന്ദ്രമന്ത്രി പറഞ്ഞു.

## RENJI TROPHY

രഞ്ജി ട്രോഫി ക്രിക്കറ്റ് മൂന്നാം ദിനത്തിൽ മഹാരാഷ്ട്രയ്ക്കെതിരെ കേരളം ഒന്നാം ഇന്നിങ്ങ്സ് ബാറ്റിംഗ് പുനരാരംഭിച്ചു. ഒടുവിൽ റിപ്പോർട്ട് ലഭിക്കുമ്പോൾ കേരളം 6 വിക്കറ്റ് നഷ്ടത്തിൽ 152 റൺസ് എടുത്തിട്ടുണ്ട്. ആദ്യ ഇന്നിങ്സിൽ 239 റൺസാണ് മഹാരാഷ്ട്ര നേടിയത്. കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിലാണ് മത്സരം.

## WEATHER – KERALA

സംസ്ഥാനത്ത് ശക്തമായ മഴ തുടരും. എറണാകുളത്തും ലക്ഷദ്വീപിലും ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. കേരള-ലക്ഷ്വദ്വീപ് തീരങ്ങളിൽ ഈ മാസം 20 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

കർണാടക തീരത്ത് നിന്നും ഇന്ന് മുതൽ മത്സ്യബന്ധനത്തിന് പോകരുതെന്ന് നിർദ്ദേശമുണ്ട്.